7.62 എസ്.എൽ.ആർ. 9 എം.എം.പിസ്റ്റലുകൾ മറ്റ് വിവിധ തരം അമ്മ്യൂണിഷനുകളും വാങ്ങിയിട്ടുണ്ട്. എല്ലാ സർക്കിൾ ഓഫീസുകളിലും ഓരോ ഫോട്ടോ കോപ്പിയർ മെഷീനുകൾ വാങ്ങി ഉപയോഗിച്ചുവരുന്നു. കൂടാതെ 11-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പോലീസ് നവീകരണം എന്നീ കേന്ദ്ര സഹായ പദ്ധതികളിൽപ്പെടുത്തി, പോലീസ് സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, മറ്റു കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ചുമതലയിൽ സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 124,24,36,412 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് സേനാ നവീകരണത്തിനായി 2001-02 വർഷത്തിൽ 31.12 കോടി രൂപയും 2002-03 വർഷത്തിൽ 31.50 കോടി രൂപയും കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ട്.

(ഡി) ഇതേപ്പറ്റി സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ പോലീസ് സേനയുടെ മൊത്തത്തിലുള്ള കാര്യക്ഷമതയ്ക്കും ഗുണപരമായ പ്രവർത്തനത്തിനും പോലീസ് നവീകരണ പദ്ധതി സഹായകമായിട്ടുണ്ട്.

1991 മുതൽ 2001 വരെ സംസ്ഥാനത്ത് നടന്ന വർഗ്ഗീയ കലാപങ്ങൾ

118 (771) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മുതൽ 2001 വരെ സംസ്ഥാനത്ത് ഓരോ വർഷവും എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പറയാമോ ;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും ഏതെല്ലാം കേസുകളുടെ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ടെന്നും ഇനി എത്ര കേസ്സുകളുടെ ചാർജ് ഷീറ്റ് നൽകാനുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 1991-ൽ പാലക്കാട് ഒരു വർഗ്ഗീയ കലാപം നടന്നു. ഇതിൽ ഒരു പെൺകുട്ടി മരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 45 കേസ്സുകളിൽ 44 എണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഒരു കേസ് യു.ഡി. ആയി റിപ്പോർട്ട് നൽകിയിട്ടുണ്ട്. 1992-ൽ രണ്ടു വർഗ്ഗീയ കലാപങ്ങൾ നടന്നിട്ടുണ്ട്.

1. തിരുവനന്തപുരം പൂന്തുറയിൽ നടന്ന വർഗ്ഗീയ കലാപത്തോടനുബന്ധിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ സംഭവങ്ങളിൽ 5 പേർ മരിച്ചു. 161 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 69 കേസ്സുകളിൽ കുറ്റപത്രം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. അയോദ്ധ്യാ സംഭവത്തോടനുബന്ധിച്ച് കേരളത്തിൽ നടന്ന വർഗ്ഗീയ കലാപത്തിൽ മലപ്പുറത്ത് 7 പേരും കാസർഗോഡ്8 പേരും മരിച്ചു. 543 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 152 കേസ്സുകൾ ചാർജ് ചെയ്തു. 34 കേസുകൾ റഫർ ചെയ്തു.

പെൺവാണിഭ കേസുകളും സ്ത്രീപീഡന കേസുകളും വർദ്ധിച്ചു വരുന്ന വിവരം

119 (778) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൺവാണിഭ കേസുകളും സ്ത്രീപീഡന കേസുകളും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പെൺവാണിഭം സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിൽ ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മട്ടാഞ്ചേരി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടന്ന പെൺവാണിഭ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നടന്ന പെൺവാണിഭവും സ്ത്രീധനപീഡനവും സംബന്ധിച്ച കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(എഫ്) പെൺവാണിഭ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച വരുത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ത്രീപീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം സംവിധാനം നിലവിലില്ല. എന്നാൽ സ്ത്രീകളുടെ പരാതികൾ മാത്രം കൈകാര്യം ചെയ്യുന്നതിന് ഒരു പോലീസ് സൂപ്രണ്ടിന് കീഴിൽ ഒരു വനിതാ സെല്ലും കൂടാതെ എല്ലാ ജില്ലാ പോലീസ്/സിറ്റി പോലീസ് ഓഫീസുകളിൽ ഒരു ഡിവൈ.എസ്.പി.യുടെ ചുമതലയിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 11 പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ എല്ലാ കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly